(1)	(2)	(3)
5.	ബേപ്പൂർ	1,10,19,162
6.	മേപ്പയൂർ	1,00,83,886
7.	ബാലുശ്ശേരി	88,59,637
8.	തിരുവമ്പാടി	2,11,55,263
9.	നാദാപുരം	2,18,88,479
10.	കൊയിലാണ്ടി	1,56,00,339
11.	പേരാമ്പ്ര	1,72,06,702
12.	കോഴിക്കോട്-1	1,15,47,712
13.	സൈമൺ ബ്രിട്ടോ, എം.എൽ.എ.	3,26,300
	ആകെ	18,96,99,454

മൂല്യവർദ്ധിത നികുതി സമ്പ്രദായം

162 (176) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിലേക്ക് മാറിയപ്പോഴുണ്ടായ വീഴ്ചകൾ കാരണം സംസ്ഥാനത്തെ വാണിജ്യ നികുതിയിൽ 2008-09 വർഷം ഗണ്യമായ കുറവ് സംഭവിച്ചതായി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ ;

(ബി) കുറഞ്ഞ നികുതി ചുമത്തിയതും കേന്ദ്രത്തിൽനിന്ന് കുറഞ്ഞ നഷ്ട പരിഹാരത്തുക ആവശ്യപ്പെട്ടതും നികുതി കുറവിനു കാരണമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) വ്യാപാരികൾ നികുതി റിട്ടേണുകൾ നൽകുന്നതും അവയുടെ പരിശോധനയും നിരീക്ഷിക്കാൻ കാര്യക്ഷമമായ സംവിധാനങ്ങളില്ലാതിരുന്നത് സി.എ.ജി. കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) രജിസ്റ്റർചെയ്യാത്ത വ്യാപാരികളെ കണ്ടുപിടിച്ച് നികുതിയുടെ പരിധിയിൽ കൊണ്ടുവരിക, എല്ലാ ചെക്ക്പോസ്റ്റുകളും കമ്പ്യൂട്ടർവൽക്കരിക്കുക, വാറ്റ് സംബന്ധമായ രൂപരേഖയും മാനദണ്ഡവും നിശ്ചയിക്കുന്ന മാനുൽ തയ്യാറാക്കുക തുടങ്ങിയ സി.എ.ജി.-യുടെ കണ്ടെത്തലിനോടുള്ള ധനവകുപ്പിന്റെ പ്രതികരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിലുള്ള വീഴ്ചകൾകാരണം 2008-09 വർഷത്തിൽ വാണിജ്യ നികുതിയിനത്തിൽ 284.16 കോടി രൂപയുടെ കുറവ്വന്നതായി സി&എ.ജി. കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വീഴ്ചകൾ പരിശോധിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അപ്രകാരം ഒരു പരാമർശം സി.&എ.ജി. റിപ്പോർട്ട് 31-3-2009-ൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മൂല്യവർദ്ധിത നികുതിയുടെ വളർച്ചാനിരക്കിൽ ഏറ്റക്കുറച്ചിലുകൾ ഉള്ളതായി പരാമർശം ഉണ്ട്.

(ബി) ഇല്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വയംഭരണാവകാശം ഭരണഘടനയുടെ പരിധിക്കുള്ളിൽ വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുള്ളതാണ്. മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനം അതിന്റെ നിയമനിർമ്മാണപരമായ സ്വയംഭരണാവകാശം അടിയറവച്ചിട്ടില്ല. ഒരു സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായിട്ടുള്ള വ്യതിയാനങ്ങൾ ആവശ്യമായിവരാം. നാളികേരം, വെളിച്ചെണ്ണ, കൊപ്ര മുതലായവയുടെ കാര്യത്തിൽ സംസ്ഥാനം അത്തരമൊരു നിലപാടാണെടുത്തത്. കേന്ദ്രം നഷ്ടപരിഹാരം അനുവദിക്കുന്ന ഘട്ടത്തിൽ ഇത്തരം വ്യതിയാനങ്ങൾ പരിശോധിച്ചശേഷമായിരിക്കും നഷ്ടപരിഹാരം അനുവദിക്കുക. കൂടാതെ സംസ്ഥാനം ആവശ്യപ്പെട്ട അത്രയും തുക നഷ്ടപരിഹാരമായി കേന്ദ്രം തന്നിട്ടില്ല.

(സി) ഇപ്രകാരം ഒരു പരാമർശം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതെല്ലാം പരിഹരിക്കാൻകഴിയുന്ന തരത്തിൽ വകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കിയിട്ടുണ്ട്. അടുത്തകാലത്ത് റിട്ടേൺ ഫയലിംഗ് പൂർണ്ണമായും കമ്പ്യൂട്ടർ സംവിധാനത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതോടെ ഇൻപുട്ട് ടാക്സ് ക്ലെയിം, വ്യാപാരികൾ തമ്മിൽ പരസ്പരമുള്ള വില്പന/വാങ്ങൽ എന്നിവയും ക്രോസ് വെരിഫിക്കേഷൻനടത്താനും അതുവഴി റിട്ടേൺ സ്ക്രൂട്ടിണി കാര്യക്ഷമമായി നടത്താനുമുള്ള എല്ലാ സംവിധാനങ്ങളും വകുപ്പിൽ ലഭ്യമായി. റിട്ടേൺ സ്ക്രൂട്ടിണി മാസാമാസം മോണിറ്റർചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ഏകദേശം 20% ആയിരുന്ന റിട്ടേൺ സ്ക്രൂട്ടിണി 80%-ത്തോളമായി വർദ്ധിപ്പിക്കാൻ വകുപ്പിന് കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്. റിട്ടേൺ ഇ-ഫയലിംഗ്, നികുതി ഇ-പേയ്മെന്റ് എന്നീ വിപ്ലവാത്മകമായ സംവിധാനങ്ങൾ വ്യാപാരികൾക്കായി നടപ്പാക്കിയ ആദ്യസംസ്ഥാനമെന്ന ഖ്യാതിയും ഇതുവഴി കേരളം സ്വന്തമാക്കിക്കഴിഞ്ഞു.

മൂല്യവർദ്ധിത നികുതി നിയമപ്രകാരം പ്രതിമാസ റിട്ടേണുകളുടെ കാലാവധി ഒരുമാസവും ത്രൈമാസ റിട്ടേണുകളുടേത് മൂന്നുമാസവുമാണ്. വില്പനനികുതി കാലഘട്ടത്തിൽനിന്നും വ്യത്യസ്തമായി ഈ നിയമപ്രകാരം വ്യാപാരികൾ റിട്ടേൺ സമർപ്പിക്കുന്നത് സെൽഫ് അസസ്മെന്റ് രീതിയിലാണ്. നികുതിനിർണ്ണയത്തിൽ പോരായ്മകൾ കണ്ടെത്തിയാൽ അഞ്ചുവർഷത്തിനകം പുനർനിർണ്ണയത്തിന് വിധേയമാക്കി പരിഹരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വകുപ്പിന്റെ ഇന്റലിജന്റ്സ് വിഭാഗം സമയബന്ധിതമായി സ്ട്രീറ്റ് സർവ്വേകൾ നടത്തുകയും രജിസ്റ്റർ ചെയ്യാത്ത വ്യാപാരികളെ കണ്ടുപിടിച്ച് നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ വാറ്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരി രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്ത വ്യാപാരികൾക്ക് വിൽപ്പന നടത്തുകയാണെങ്കിൽ ബില്ലിൽ ആ വ്യാപാരിയുടെ വിശദമായ മേൽവിലാസം രേഖപ്പെടുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കച്ചവടക്കാരെ നികുതിയുടെ പരിധിയിൽകൊണ്ടുവരുന്നതിനായി മൂല്യവർദ്ധിതനികുതിനിയമം വകുപ്പ് 40 എ പ്രകാരം വ്യവസ്ഥയുണ്ട്. വകുപ്പിന്റെ ഇന്റലിജന്റ്സ് വിഭാഗം കാര്യക്ഷമമായ പരിശോധന നടത്തുകയും ഇത്തരത്തിലുള്ള വ്യാപാരികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കമ്പ്യൂട്ടറൈസേഷൻ ഒരു തുടർപ്രക്രിയയാണ്. നിലവിൽ എല്ലാ പ്രധാന ചെക്ക്പോസ്റ്റുകളും കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. പ്രധാന ചെക്ക്പോസ്റ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വെയ്ബ്രിഡ്ജുകൾ സ്ഥാപിക്കുകയുംചെയ്തു. ചില ചെക്ക്പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുമുണ്ട്.

വാറ്റ് മാന്വൽ തയ്യാറാക്കുകയും അതിന്റെ കരട് അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ വിജയത്തോടെ വാണിജ്യ നികുതിവകുപ്പിൽ ദൈനംദിനം പുതിയ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗതമായ രീതിയിലുള്ള റിട്ടേൺ ഫയലിംഗ് ഇ-ഫയലിംഗിന് വഴിമാറിക്കൊടുത്തു. ചെലാനുകൾ കൗണ്ടർസൈൻ ചെയ്ത് ട്രഷറിയിൽ ക്യൂ നിൽക്കേണ്ട പഴയ അവസ്ഥയും ഇ-ഫയലിംഗിലൂടെ മാറിക്കഴിഞ്ഞു. ഫോം ഡൗൺലോഡിംഗ്, ഡിക്ലറേഷൻ ഇ-ഫയലിംഗ് തുടങ്ങിയ സംവിധാനങ്ങൾകൂടി നടപ്പിലായതോടെ കരടു മാന്വലിൽനിന്നും ഒരുപാട് മാറ്റങ്ങൾ സംഭവിച്ചുകഴിഞ്ഞു. നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും നികുതിഭരണം കാര്യക്ഷമമാക്കുന്നതിനുമായി ഇനിയും പല നൂതന സംരംഭങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്നതും സംസ്ഥാനം പുതിയ നികുതി സമ്പ്രദായമായ ഉല്പന്ന സേവന നികുതിയിലേക്ക് മാറാൻ തയ്യാറെടുക്കുകയും ചെയ്യുന്ന പുതിയ സാഹചര്യവും നിലവിലുണ്ട്. ഈ നടപടികളെല്ലാം ക്രമപ്രകാരം നടപ്പിൽവരുത്തുന്ന മുറയ്ക്ക് മാത്രമേ അവ ഉൾപ്പെടുത്തി കരട് മാന്വൽ പുറത്തിറക്കാൻകഴിയൂ എന്ന സാഹചര്യം നിലനിൽക്കുന്നു. ഓരോ പുതിയ സംവിധാനങ്ങൾ നടപ്പാക്കുമ്പോഴും നികുതിഭരണം കാര്യക്ഷമമാക്കാനാവശ്യമായ രീതിയിൽ ഇതുസംബന്ധിച്ച സർക്കുലറുകൾ പുറപ്പെടുവിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ വകുപ്പ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. മാത്രമല്ല ഇത്തരം സന്ദർഭങ്ങളിൽ ജീവനക്കാർക്ക് ഇത് കൈകാര്യംചെയ്യാൻ പ്രാപ്തരാക്കുന്നതരത്തിലുള്ള പരിശീലനപരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

(ഇ) 2008-09 വർഷത്തിൽ ഇത്തരമൊരു പരാമർശം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ താഴെപ്പറയുന്ന ഇനങ്ങളിൽ നഷ്ടം കണ്ടെത്തിയതായി സി.&എ.ജി. പരാമർശിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

പരാമർശം

(1) പുതുതായി രജിസ്റ്റർചെയ്യുന്ന വ്യാപാരിയിൽനിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം.

നിലവിലുള്ള സ്ഥിതി

വാറ്റ് രജിസ്ട്രേഷൻ നൽകുന്ന സമയത്ത് ഈടാക്കുന്ന സെക്യൂരിറ്റി ഡിപ്പോസിറ്റ് നികുതി നിർണ്ണയ അധികാരിയുടെ വിവേചനാധികാരപരിധിയിൽ വരുന്നതാണ്. കൂടാതെ സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ ഈടാക്കുന്ന തുക ഒരു നിശ്ചിത കാലയളവിനുശേഷം തിരികെ നൽകേണ്ടതാണ്. ആയതിനാൽ ഇതിനെ നികുതി നഷ്ടമായി കണക്കാക്കാനാവില്ല.

പരാമർശം

(2) കേന്ദ്ര വിൽപ്പനനികുതി നിയമപ്രകാരം സമർപ്പിക്കേണ്ട ഫാറങ്ങൾ സമയപരിധിക്കുശേഷം ഫയൽചെയ്തത് സ്വീകരിച്ചതുവഴി.

നിലവിലുള്ള സ്ഥിതി

കേന്ദ്രവിൽപ്പനനികുതി നിയമം ചട്ടം 12(7) പ്രകാരം മതിയായ കാരണം ഉണ്ടെങ്കിൽ നികുതി നിർണ്ണയ അധികാരിക്ക് ഫോറങ്ങൾ സമർപ്പിക്കുന്നതിന് സാവകാശം നൽകാവുന്നതാണ്. കൂടാതെ നിയമപ്രകാരമുള്ള ഫോറങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്നതിന് വളരെയധികം കാലതാമസം വരുന്നുണ്ട്.

പരാമർശം

(3) കേന്ദ്രത്തിൽനിന്നും കുറഞ്ഞ നഷ്ടപരിഹാരത്തുക ആവശ്യപ്പെട്ടതുവഴി

നിലവിലുള്ള സ്ഥിതി

ഈയിനത്തിൽ സി.&എ.ജി.-യുടെ പരാമർശം പ്രാഥമികമായി പരിശോധിച്ചതിൽ ആ തോതിയുള്ള നഷ്ടം സംഭവിച്ചതായി ബോദ്ധ്യപ്പെട്ടിട്ടില്ല. കൂടാതെ ആവശ്യപ്പെട്ട നഷ്ടപരിഹാരത്തുക പൂർണ്ണമായും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല.

പരാമർശം

(4) കുറഞ്ഞ നികുതി ചുമത്തിയതുവഴി

നിലവിലുള്ള സ്ഥിതി

സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ പ്രത്യേകതയും പ്രാധാന്യവും കണക്കിലെടുത്താണ് ചില ഉല്പന്നങ്ങൾക്ക് കുറഞ്ഞ നികുതി നിരക്ക് ഏർപ്പെടുത്തേണ്ടിവന്നത്. ഇതിനുള്ള സ്വാതന്ത്ര്യം സംസ്ഥാനത്തിനുണ്ട്. സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കാനും അതുവഴി നിലവിലുള്ള സാമൂഹ്യവ്യവസ്ഥ തടസ്സപ്പെടാതിരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചേ മതിയാകൂ. നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ കാര്യത്തിൽ ചില നിലപാടുകൾ എടുത്തിട്ടുണ്ട്. അസംഘടിത മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

നടന്നുവന്ന ചില വ്യാപാരങ്ങളെ സംഘടിത മേഖലയിലേക്ക് കൊണ്ടുവന്ന് നികുതി പിരിക്കാൻ ആവശ്യമായ ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി സംഭവിക്കുന്ന നികുതി നഷ്ടം മേൽപ്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ പരിഗണനാർഹമല്ല.

(എഫ്) നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനായി വകുപ്പ് ധാരാളം കാര്യങ്ങൾ നടപ്പിൽവരുത്തിയിട്ടുണ്ട്. ഏതാനും വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ അഴിമതിരഹിത മിഷൻ പ്രോഗ്രാം നടപ്പിലാക്കി. ചെക്ക്പോസ്റ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വാഹനപരിശോധന സുഗമവും കാര്യക്ഷമവുമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി ലൈറ്റ് സംവിധാനങ്ങൾ, വെയ്ബ്രിഡ്ജ് എന്നിവ പ്രധാന ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ ഇ-ഡിക്ലറേഷൻ സംവിധാനം നടപ്പിലാക്കി.

2. ഇന്റലിജൻസ് സംവിധാനം ശക്തമാക്കി. പുതിയ വാഹനങ്ങൾ അനുവദിച്ചു. സംസ്ഥാനത്തെ വിവിധ വ്യാപാരമേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകൾനടത്തി നികുതി ചോർച്ചയുടെ തോത്, അനുപാതം എന്നിവയെക്കുറിച്ച് പഠനംനടത്തി. ഇങ്ങനെയുള്ള നികുതി ചോർച്ച തടയാനുള്ള കർശന നടപടികൾ സ്വീകരിച്ചു. സംസ്ഥാനത്തെ ആഢംബര നികുതിവരുമാനം വർദ്ധിപ്പിക്കാനായി ആ മേഖല കേന്ദ്രീകരിച്ച് പ്രത്യേകമായ സർവ്വേകളും പരിശോധനകളുംനടത്തി. സ്ട്രീറ്റ് സർവ്വേ കർശനമാക്കി വ്യാപാരികളെ നികുതിയുടെ പരിധിയിലേക്ക് കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിച്ചു.

3. ഇ-ഫയലിംഗ്, ഇ-പേയ്മെന്റ്, ഫോം ഡൗൺലോഡിംഗ് തുടങ്ങി നികുതിഭരണം സുതാര്യവും, കാര്യക്ഷമവുമാക്കാനുള്ള ധാരാളം നടപടികൾ സ്വീകരിച്ചു. ഇതുവഴി വ്യാപാരികൾക്ക് നേരിട്ട ഒരുപാട് ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി. ഇൻപുട്ട് ടാക്സ് ക്ലെയിം വ്യാപാരികൾതമ്മിലുള്ള വാങ്ങൽ/വില്പന എന്നിവ ക്രോസ് മാച്ച്ചെയ്യാനുള്ള സംവിധാനം നിലവിൽവന്നു. റിട്ടേൺ സ്ക്രൂട്ടിണി കാര്യക്ഷമമായി.

4. സംസ്ഥാനത്തെ വിവിധ വ്യാപാരമേഖലകളിലെ വ്യാപാരികളേയും വ്യവസായികളേയും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അവരെ ആദരിച്ചു. ഈ വ്യാപാരി സൗഹൃദ അന്തരീക്ഷം പരമ്പരാഗതമായി വ്യാപാരികൾ വകുപ്പിനോട് വച്ചുപുലർത്തിപ്പോന്ന സമീപനത്തിൽ മാറ്റം വരുത്തുന്നതിനിടയാക്കി.

5. 2005-06-ൽ മൂല്യവർദ്ധിത നികുതി നിയമം നടപ്പാക്കുമ്പോൾ 7038 കോടി രൂപയായിരുന്ന നികുതി വരുമാനം 2009-10 ആയപ്പോഴേക്കും 13200 കോടി രൂപയായി വർദ്ധിപ്പിക്കാൻ ഈ നടപടികൾമൂലം സാധിച്ചു.

ചെക്ക്പോസ്റ്റുകളിൽ നിരീക്ഷണ ക്യാമറ

163 (177) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly